# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/768/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/768/2023 തീയ്യതി: 09/11/2023

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക്, ഓഡിറ്റ് ഓഫീസർ
ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺ ദേവ്.വി.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരി വേണുഗോപാൽ**ൻ**.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗോപാലകൃഷ്ണ.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| പ്രേമലത.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനീത്.പി.വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീവീൺ.ഇ.എൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അനു സിക്സ്റ്റസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 30-04-2022 |
| ഡോ.ബേബി നാരായണൻ നന്ദൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-05-2022 | 31-03-2023 |
| ഡോ.രേഖ.എസ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| അനിൽ കുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സീനിയ.പി.എസ് | വി.ഇ.ഒ- കാറഡുക്ക | 01-04-2022 | 31-03-2023 |
| സീനിയ.പി.എസ് | വി.ഇ.ഒ - ആദൂർ | 01-04-2022 | 25-08-2022 |
| ഷീന.ടി.പി | വി.ഇ.ഒ - ആദൂർ | 26-08-2022 | 21-10-2022 |
| സീനിയ.പി.എസ് | വി.ഇ.ഒ - ആദൂർ | 22-10-2022 | 29-12-2022 |
| റിനീഷ്.കെ | വി.ഇ.ഒ - ആദൂർ | 30-12-2022 | 31-03-2023 |
| അഭിജിത.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ഷംന.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ജയരാജൻ.എം.കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ജയരാജൻ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-12-2022 |
| ശ്രുതി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 31-12-2022 | 31-03-2023 |
| ബിനുമോൻ.എം | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 24-06-2022 |
| ഉഷ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 05-07-2022 | 31-03-2023 |
| ഡോ.ശിബില | മെഡിക്കൽ ഓഫീസർ | 01-04-2022 | 10-06-2022 |

| | | | |
|---|---|---|---|
| നർഗീസ്.ഐ.ടി | (ആയുർവേദം) | | |
| ഡോ.ദീപ്തി.പി.ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 10-06-2022 | 04-11-2022 |
| ഡോ.ഹസ്ന വലിയാക്കത്തൊടിക | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 04-11-2022 | 31-03-2023 |

25/06/2022 മുതൽ 4/07/2022 വരെ ഡയറി ഫാം ഇൻസ്ട്രക്ടർ ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലൈബ്രറി വരവിനത്തിലെ തുക വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല | 1-1-8 |
| 10 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- വരവ് വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-9 |
| 11 | ഗുണഭോക്തൃ വിഹിതമിനത്തിലെ നീക്കിയിരിപ്പ് - വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വിവിധ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | അഡ്വാൻസ് , ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | വസ്തു നികുതി ഇനത്തിലെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | മറ്റ് ഡെപ്പോസിറ്റ് ഇനത്തിലെ വരവ് ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ബിൽഡിംഗ് വാടക ഇനത്തിലെ ഡിമാന്റ് , കളക്ഷൻ - പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | റിസംഷൻ തുക വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-16 |
| 18 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക നീക്കിയിരിപ്പ്, ക്രമീകരണം- വിശദാംശം ലഭ്യമല്ല | 1-1-17 |
| 19 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | തുക ബാങ്കിൽ നാളിതുവരേയും വരവു വന്നിട്ടില്ല | 1-10 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 30 | ആംബുലൻസ് വാടക തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി | 1-12 |
| 31 | വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-13 |
| 32 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-14 |
| 33 | ലൈഫ് ഭവന പദ്ധതി (SC) - പൂർത്തീകരിക്കാത്ത വീടുകൾ | 1-15 |
| 34 | വീട് വാസയോഗ്യമാക്കൽ എസ്.ടി - പൂർത്തീകരിച്ചിട്ടില്ല. | 1-16 |
| 35 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമാവാത്തത് സംബന്ധിച്ച് | 1-17 |
| 36 | ബള്ളക്കാട് എസ്.ടി കോളനി കുടിവെള്ള പദ്ധതി-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 5,676/- രൂപയുടെ അധികച്ചെലവ് | 1-18 |
| 37 | വനിതകൾക്ക് കറവപശു വാങ്ങി നൽകൽ (പദ്ധതി നം - 42/23) | 1-19 |
| 38 | തനത്ഫണ്ട് ചെലവുകൾ | 1-20 |
| 39 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 40 | പോഷകവാടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 41 | തനത് വരുമാനം -അവലോകനം | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബള്ളക്കാട് എസ്.ടി കോളനി കുടിവെള്ള പദ്ധതി-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ 5,676/- രൂപയുടെ അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ | 4-4 |

| | | |
|---|---|---|
| | അവശേഷിക്കുന്നത് | |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21/07/2023 ലെ 2/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

09.11.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (1114275/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-4106595/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 11403589 | 11396531<br>(14003945 – 2607414 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 7058 |

മേൽ തുക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് ബിൽ ട്രഷറിയിൽ സമർപ്പിച്ചത് പാസാക്കാത്തതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 2/ 23.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ബിൽ എ.സി.ആറിൽ ക്യാൻസൽ ചെയ്തിട്ടില്ല.

1-1-4 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസ നിധി ഫണ്ടിൽ ചുവടെ പറയും പ്രകാരം 10775/- രൂപയാണ് നീക്കിയിരിപ്പായി ബി-2 ഷെഡ്യൂളിൽ "311100101" എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-17 ഷെഡ്യൂളിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ (നം 40596101088467) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 7675/- രൂപ മാത്രമാണ്.

| മുന്നിരിപ്പ് | തൻ വർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 500 | 10320 | 45 | 10775 |

മേൽ പ്രകാരം ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ 3100/- (10775 - 7675) രൂപയുടെ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/23.09.2023 ന് ദുരിതാശ്വാസ നിധിയിലേക്ക് വരവു വയ്ക്കേണ്ട തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-5 ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

1) ജലനിധിയുടെ ഫണ്ടുമായി ബന്ധപ്പെട്ട് ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ബി-4 ഷെഡ്യൂൾ "320300102" പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലെ (നം 40596101079487) നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|
| 1575 | 1593 | 18 |

2) ജലനിധിയുടെ അക്കൗണ്ടിൽ തൻ വർഷം 44/- രൂപ പലിശ ഇനത്തിലെ വരവായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജലനിധിയുമായി ബന്ധപ്പെട്ട ലഡ്ജറിൽ ("320300102" ) യാതൊരു വരവും രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ നീക്കിയിരിപ്പായ 1,575/- രൂപ തന്നെയാണ് തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/ 23.09.2023 ന് 2021-22 വർഷത്തിൽ പലിശ ഇനത്തിൽ ലഭിച്ച 22 രൂപയും 2022-23 ലെ 44 രൂപയും ഗ്രാന്റിന് പകരം പലിശയായിട്ടാണ് വരവ് രേഖപ്പെടുത്തുകയും 2021-22 ലെ ബാങ്ക് ചാർജ്ജ് ഇനത്തിൽ 48/- രൂപ ഗ്രാന്റിൽ നിന്നുള്ള ചെലവിനു പകരം രേഖപ്പെടുത്തുകയും ചെയ്തതിനാൽ വന്ന 18/- രൂപയുടെ വ്യത്യാസം ക്രമീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-6 ലൈബ്രറി വരവിനത്തിലെ തുക വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം ബുക്ക് നമ്പർ 8813 ലെ രസീത് നമ്പർ 45 മുതൽ 81 വരെയുടെ 37 രസീതുകളിൽ നിന്നും ആകെ 629/- രൂപ ലൈബ്രറി ഇനത്തിൽ വരവുണ്ട്. എന്നാൽ ഈ തുക ചുവടെ പറയും പ്രകാരം രണ്ട് ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കോഡ്, ഇനം | ബുക്ക് നമ്പർ, രസീത് നമ്പർ | തുക |
|---|---|---|---|
| 1 | 180800104- ലൈബ്രറി വരവ് | 8813/ 45-66 | 374 |
| 2 | 180800104- ലൈബ്രറി വരവ് | 8813/ 70-81 | 204 |
| 3 | 140500111 – മറ്റ് യൂസർ ചാർജ്ജ് | 8813/ 67 - 69 | 51 |
| ആകെ തുക | | | 629/- |

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42201208, 31-03-2023 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42201209, 31-03-2023 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42201249, 31-03-2023 |

| | | |
|---|---|---|
| 110200105 | തൊഴിൽ നികുതി - ട്രേഡേഴ്സ് | 42201250, 31-03-2023 |
| 130100101 | ബിൽഡിംഗ് വാടക | 42201252, 31-03-2023 |

1-1-8 ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല

ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി നിലനിൽക്കുന്നു.

| 2022-23 | 2021-22 | 2020-21 |
|---|---|---|
| 162752 | 162752 (162352 + 834 - 434) | 162352 |

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 162752/- രൂപയുടെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 22/29.09.2023)

1-1-9 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- വരവ് വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവിനം ചുവടെ പറയും പ്രകാരം രണ്ട് ഹെഡ്ഡുകളിലായി ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 140500201 | Public Comfort Station Receipts | 8,604 |
| 2 | 140500110 | Service Charges Collected | 12,276 |
| ആകെ തുക | | | 20,880/- |

ലഡ്ജർ പരിശോധിച്ചതിൽ മേൽ പ്രകാരമുള്ള തുകകൾ സതീഷൻ, സ്കാവഞ്ചർ എന്നയാൾ ഒടുക്കിയിട്ടുള്ളതായാണ് കാണുന്നത്. കൂടാതെ രസീത് നമ്പറും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ മേൽ പ്രകാരമുള്ള 20,880/- രൂപ ഈ ഇനത്തിലെ വരവ് തുക തന്നെയാണോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-10 ഗുണഭോക്തൃ വിഹിതമിനത്തിലെ നീക്കിയിരിപ്പ് - വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 109130 | ഗുണഭോക്തൃ വിഹിതം തിരികെ നൽകിയത് 117/2021-22 (Biocompost | 8100 |

| | | | |
|---|---|---|---|
| | | Bin) | |
| 163- രംബൂട്ടൻ ഗ്രാമം (കൃഷി ഓഫീസർ) | 85725 | 163- രംബൂട്ടൻ ഗ്രാമം (കൃഷി ഓഫീസർ) | 85725 |
| 118- പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) (അസിസ്റ്റന്റ് സെക്രട്ടറി) | 55625 | 118- പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) (അസിസ്റ്റന്റ് സെക്രട്ടറി) | 55000 |
| 103 - പി.വി.സി വാട്ടർ ടാങ്ക് എസ്.സി (അസിസ്റ്റന്റ് സെക്രട്ടറി) | 975 | 103 - പി.വി.സി വാട്ടർ ടാങ്ക് എസ്.സി (അസിസ്റ്റന്റ് സെക്രട്ടറി) | 71500 |
| 218- ഹരിത കർമ്മസേനയുടെ സംരംഭ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം (അസിസ്റ്റന്റ് സെക്രട്ടറി) | 30000 | 218- ഹരിത കർമ്മസേനയുടെ സംരംഭ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം (അസിസ്റ്റന്റ് സെക്രട്ടറി) | 30000 |
| | | നീക്കിയിരിപ്പ് | 31130 |
| ആകെ | 281455 | ആകെ | 281455 |

1) മേൽ പ്രകാരം പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) എന്ന പദ്ധതിക്കായി 55625/- രൂപ വരവുണ്ടെങ്കിലും 55000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 625/- രൂപ ശ്രീമതി.സീതു എന്ന ഗുണഭോക്താവിന് തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ തുക തെറ്റായി 340109901 – മറ്റ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) മുന്നിരിപ്പായ 109130/- രൂപയിൽ നിന്നും 8100/- രൂപ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതായും 70525/- രൂപ പി.വി.സി വാട്ടർ ടാങ്ക് എസ്.സി എന്ന പദ്ധതിക്കായി ചെലവഴിച്ചതായും കാണുന്നു. ഇതിൽ ബാക്കിയുള്ള 30505/- ( 109130 - 8100 - 70525) രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11/ 25.09.2023)

### 1-1-11 ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വിവിധ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം കാനറ ബാങ്ക് ഹെൽത്ത് ഗ്രാന്റ് - കൺവർഷൻ ഓഫ് റൂറൽ പി.എച്ച്.സി & സബ്സെന്റർ അക്കൗണ്ടിൽ (നമ്പർ - 110049100866) 82243/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ബി-4 ഷെഡ്യൂളിൽ ഈ തുക ചുവടെ പറയും പ്രകാരം വിവിധ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100204 | Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 79,202 |
| 2 | 320100201 | Grants For Specific Purposes - Health Grant | 3,041 |

ഇത്തരത്തിൽ ഒരേ ഇനത്തിലെ തുക വ്യത്യസ്ത ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/ 25.09.2023 ന് പലിശ ഇനത്തിലെ വരവ് 320100204 എന്ന ഹെഡിലേക്ക് ക്രമപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

### 1-1-12 അഡ്വാൻസ് , ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ | ഇനം | നിലനിൽക്കുന്ന | റിമാർക്ക്സ് |
|---|---|---|---|

| നമ്പർ | | തുക | |
|---|---|---|---|
| 1 | 460500399 - മറ്റ് അംഗീകൃത ഏജൻസികൾക്ക നൽകിയ അഡ്വാൻസ് | 100000/- | 2015-16 മുതൽ 100000/- രൂപ നിലനിൽക്കുന്നു. |
| 2 | 460100199 - മറ്റ് അഡ്വാൻസുകൾ | 85200/- | 2016-17 മുതൽ 16600/- രൂപയും 2021-22 മുതൽ 85200/- രൂപയും ( 16600 + 68600) നിലനിൽക്കുന്നു. |
| 3 | 460100103 – താൽകാലിക അഡ്വാൻസ് | 2500/- | 2018-19 മുതൽ 2500/- രൂപ നിലനിൽക്കുന്നു. |
| 4 | 460500202 – ഡെപ്പോസിറ്റ് കെ.എസ്.ഇ.ബി | 45200/- | 2017-18 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്നു. |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

മേൽ തുകകൾ ഏതെല്ലാം ആവശ്യത്തിനു നൽകിയിട്ടുള്ളതാണെന്നും തുക നാളിതുവരെ ക്രമീകരിക്കാത്തതിനുള്ള വിശദീകരണവും , രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 13/ 25.09.2023 ന് അഡ്വാൻസ് , ഡെപ്പോസിറ്റ് ഇനത്തിലെ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-13 വസ്തു നികുതി ഇനത്തിലെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി നീക്കിയിരിപ്പിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്

A) കുടിശ്ശിക

| ക്രമ നമ്പർ | ഇനം | ഡിമാന്റ് തുക (2021-22 ബി-15) (1) | വരവ് (2022-23 ആർ.പി 45) (2) | നീക്കിയിരിപ്പ് (1) -(2) | ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് (2022-23 ബി-15) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 248146/- (81,891 (2021-22 നീക്കിയിരിപ്പ് + 166,255 – മുൻവർഷങ്ങളിലെ കുടിശ്ശിക) | 0 | 248146/- | 166255/- | 81891/- |
| 2 | വസ്തു നികുതി - റസിഡൻഷ്യൽ | 29052/- (21,084 - 2021-22 | 4318/- | 24734/- | 3405/- | 21329/- |

| | | | | | | |
|---|---|---|---|---|---|---|
| | | നീക്കിയിരിപ്പ്+ 7,968 മുൻവർഷങ്ങളിലെ കുടിശ്ശിക) | | | | |

B) തൻവർഷം

| ക്രമ നമ്പർ | ഇനം | ഡിമാന്റ് തുക (2022-23 -ഐ-1) (1) | വരവ് (2022-23 ആർ.പി 45) (2) | മുൻകൂർ തുക (2021-22 ബി-9) (3) | നീക്കിയിരിപ്പ് (1)-(2)-(3) | ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് (2022-23 ബി-15) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 2065078/- | 1959868/- | 40,742/- | 64468/- | 189658/- | 125190/- |
| 2 | വസ്തു നികുതി - റസിഡൻഷ്യൽ | 1137707/- | 1112590/- | 65,765/- | - 40648/- | 43843/- | 84491/- |

1-1-14 മറ്റ് ഡെപ്പോസിറ്റ് ഇനത്തിലെ വരവ് ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1) മറ്റ് ഡെപ്പോസിറ്റ് (340109901) ഇനത്തിൽ ചുവടെ പറയും പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | ഇനം | തുക |
|---|---|---|---|
| 1 | 1220000814, 31-03-2023 | Unknown Amount Received On 27/02/2023 | 60,328 |
| 2 | 1220000821, 31-03-2023 | Unknown Amount Directly Credited To Bank | 3,750 |

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നതിന്റെയും ഏത് അക്കൗണ്ടിൽ വരവ് വന്നു എന്നത് സംബന്ധിച്ചും വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2) മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ നിന്നും ചുവടെ പറയും പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| വൗച്ചർ നമ്പർ, തീയതി | ഇനം | തുക |
|---|---|---|
| 22201158, 29-03-2023 | ഗുണഭോക്തൃ വിഹിതം തിരിച്ചടവ് (സീത്തു, ചെക്ക് നമ്പർ : 26515 , തീയതി- 27-03-2023 | 625/- |

മേൽ പ്രകാരം ഗുണഭോക്തൃ വിഹിതം തിരികെ നൽകിയത് ഈ ഹെഡ്ഡിൽ നിന്നും തെറ്റായി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.
ക്രമ നമ്പർ 1 ലെ തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുകയും ക്രമ നമ്പർ 2 പ്രകാരമുള്ള അപാകത പരിഹരിക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-15 ബിൽഡിംഗ് വാടക ഇനത്തിലെ ഡിമാന്റ് , കളക്ഷൻ - പൊരുത്തപ്പെടുന്നില്ല

1) 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഐ-3 & ആർ.പി - 45 എന്നീ ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിലെ ഡിമാന്റ് , കളക്ഷൻ എന്നിവ 565817/- രൂപയാണ് എന്നാൽ തൻ വർഷത്തെ വരവ്,

ബന്ധപ്പെട്ട ലഡ്ജർ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയും പ്രകാരം 567155/- രൂപയാണ് ഈ ഇനത്തിലെ വരവ്.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | ഈടാക്കിയ തുക |
|---|---|---|
| 1 | XI - 2 | 99624 (8302 X 12) |
| 2 | XI - 3 | 40512 (3376 X 12) |
| 3 | XI - 4 | 34632 (2886 X 12) |
| 4 | XI - 5 | 30840 (2570 X 12) |
| 5 | XI - 6 | 17388 (1449 X 12) |
| 6 | XI - 8 | 92052 (7671 X 12) |
| 7 | XI - 9 | 21528 (1794 X 12) |
| 8 | XI - 10 | 18168 (1514 X 12) |
| 9 | XI - 11 | 27468 (2289 X 12) |
| 10 | XI - 12 | 32496 (2708 X 12) |
| 11 | XI - 13 | 56172 (4681 X 12) |
| 12 | XI - 14 | 73474 {(6122 X 2) + (6123 X 10)} |
| 13 | XI - 15 | 22551 {(1880 X 3) + (1879 X 9)} |
| 14 | ടേക്ക് എ ബ്രേക്ക് , കുണ്ടാർ | 250 |
| ആകെ | | 567155/- |

മേൽ പ്രകാരം ഡിമാന്റ് , വരവ് എന്നിവയിൽ 1338/- ( 567155 - 565817 ) രൂപയുടെ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല.

2) ബിൽഡിംഗ് വാടക ഇനത്തിലെ വരവിൽ രസീത് പ്രകാരമുള്ള തുകയായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും ബന്ധപ്പെട്ട ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | രസീത് നമ്പർ, തീയതി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക | ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | XI - 11 | 1220101808, 31-03-2023 | 2,289 | 2,747 | 458 |
| 2 | XI - 11 | 1220101809, 31-03-2023 | 2,289 | 2,724 | 435 |
| ആകെ | | | 4578 | 5471 | 893 |

മേൽ പ്രകാരം വാടക വരവായ 4578/-രൂപ കൂടാതെ ജി.എസ്.ടി തുകയായ 824/- രൂപയും പിഴ പലിശയായ 69/- രൂപയും ചേർത്ത് ആകെ 5471/- രൂപ വാടക വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

3) വാടക വരവിൽ നിന്നും ചുവടെ പറയും പ്രകാരം തുക ജേണൽ മുഖേന കുറവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ | വൗച്ചർ നമ്പർ, തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 1220107026 | 42201244, 31-03-2023 | പിഴ പലിശ | 115 |
| 2 | 1220107026 | 42201244, 31-03-2023 | സി.ജി.എസ്.ടി | 1,058 |
| 3 | 1220107026 | 42201244, 31-03-2023 | എസ്.ജി.എസ്.ടി | 1,058 |

| | |
|---|---|
| ആകെ | 2231 |

31/03/2023 ലെ ചിട്ട പരിശോധിച്ചതിൽ രസീത് നമ്പർ 1220107026 പ്രകാരമുള്ള തുക (ബിൽഡിംഗ് നമ്പർ XI -8, മുഹമ്മദി നാസിഫ്) ചുവടെ പറയും പ്രകാരം കൃത്യമായ ഹെഡ്ഡുകളിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| ഹെഡ്ഡ് | ഇനം | തുക |
|---|---|---|
| 431400101 | Rent Receivables From Buildings(Current) 2022-2023 | 30684 |
| 350200206 | Recoveries Payable - Goods And Services Tax (SGST) 2022-2023 | 2760 |
| 350200205 | Recoveries Payable - Goods And Services Tax (CGST) 2022-2023 | 2760 |
| ആകെ തുക | | 36204 |

മേൽ പ്രകാരം വാടക ഇനത്തിലെ തുകയായ 30684/- രൂപയും (7671 X 4), ജി.എസ്.ടി തുകകളും കൃത്യമായും ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിട്ടും ജേണൽ മുഖേന 2231/- രൂപ മാറ്റിയതിനുള്ള കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 17/ 27.09.2023).

1-1-16 റിസംഷൻ തുക വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം തുക അക്കൗണ്ടുകളിൽ നിന്നും റിസംഷൻ ഇനത്തിൽ പിൻവലിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | അക്കൗണ്ട് | തീയതി, ട്രാൻസാക്ഷൻ ഐ.ഡി | തുക |
|---|---|---|---|
| 1 | സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (അക്കൗണ്ട് നമ്പർ - 799013000000583) | 31/03/2023, 9192 | 8306470/- |
| | | 31/03/2023, 16284 | 1000000/- |
| 2 | സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (അക്കൗണ്ട് നമ്പർ - 720021400000021) | 20/03/2023, 16811 | 15939/- |
| 3 | സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (അക്കൗണ്ട് നമ്പർ - 799011400000853) | 31/03/2023, 9654 | 564623/- |
| | | 31/03/2023, 23303 | 1000000/- |
| ആകെ തുക | | | 10887032/- |

മേൽ തുകകൾ ചുവടെ പറയും പ്രകാരം രണ്ട് ഹെഡ്ഡുകളിലായാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | കോഡ് | ഇനം | വൗച്ചർ നമ്പർ, തീയതി | തുക |
|---|---|---|---|---|
| 1 | 431500199 | Receivables Of Redemption | 22201198,31-03-2023 | 8,306,470/- |
| | | | 22201217, 31-03-2023 | 1,564,623/- |
| | | | 22201219, 31-03-2023 | 15,939/- |
| 2 | 431409999 | Receivables From Government - Others | 22201199, 31-03-2023 | 1,000,000/- |
| ആകെ തുക | | | | 10887032/- |

റിസംഷൻ തുക വിവിധ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണവും "Receivables From Government - Others" എന്ന ഹെഡ്ഡിൽ മുൻവർഷത്തെ 7,100,609/- രൂപയും തൻവർഷത്തെ 1,000,000/- രൂപയും ചേർത്ത് 8,100,609/- രൂപ നിലനിൽക്കുന്നതിന്റെ കാരണവും വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/29.09.2023 ന് തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ബാക്കി നിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

1-1-17 നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക നീക്കിയിരിപ്പ്, ക്രമീകരണം- വിശദാംശം ലഭ്യമല്ല

1) മെഡിക്കൽ ഓഫീസർ ,ജി.എ.ഡി-മുളിയാറിനു നൽകിയ അഡ്വാൻസിൽ ചെലവഴിച്ചതിനു ശേഷം തിരിച്ചടച്ച തുകയിൽ പലിശ ഇനത്തിലെ തുകകൂടി ഉൾപ്പെട്ടിരിക്കുന്നു.

| മുൻവർഷത്തെ ബാലൻസ് തുക | തൻവർഷം ലഭിച്ചത് | പലിശ ഇനത്തിലെ വരവ് | ആകെ ലഭിച്ചത് | ചെലവഴിച്ചത് | തിരിച്ചടച്ചതുക |
|---|---|---|---|---|---|
| 458 | 25000 | 319 | 25777 | 22286 | 3491 (1220107002, 29.03.2023) |

മേൽ പ്രകാരം പലിശ ഇനത്തിലെ വരവായ 319/- രൂപയും കൂടെ ചേർത്താണ് തുക തിരിച്ചടച്ചിട്ടുള്ളത്. ആയതിനാൽ അഡ്വാൻസിനത്തിൽ നൽകിയതിനേക്കാളും അധികം തുക (ചെലവ് ഉൾപ്പെടെ) ക്രമീകരിക്കപ്പെടുന്നു.

2) നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ 2022-23 വർഷം ബാക്കി നിൽക്കുന്ന 421178/- രൂപയുടെ വിശദാംശം (ആർക്കു നൽകി, ഏത് സാമ്പത്തിക വർഷം നൽകിയത്) ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 25/30.09.2023)

1-1-18 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26,07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 25.03.2022 | 2/1 23.02.2023 |
| മുന്നിരിപ്പ് | 18516749 | 14531201 |
| വരവ് | 226877000 | 237213644 |
| ആകെ | 245393749 | 251744845 |
| ചെലവ് | 239437000 | 243662387 |
| നീക്കിയിരിപ്പ് | 5956749 | 8082458 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 1,97,74,195 |
| വരവ് | 4,61,26,350 |
| ആകെ | 6,59,00,545 |
| ചെലവ് | 4,50,12,075 |
| നീക്കിയിരിപ്പ് | 2,08,88,470 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5676/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,39,877 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 15,09,75,539/- രൂപയും ചെലവ് 15,01,41,378/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 15709000 | 15709000 | 14003945 | 1705055 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6284000 | 6284000 | 5614388 | 669612 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1505000 | 1505000 | 1364565 | 140435 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 7766000 | 7766000 | 6918465 | 847535 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5712000 | 5712000 | 4053427 | 1658573 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ബാങ്ക്) | 286966 | 2725226 | 3012192 | 2388430 | 623762 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ട്രഷറി) | 0 | 427792 | 427792 | 427792 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) (ബാങ്ക്) | 2342732 | 3862000 | 6204732 | 1692844 | 4511888 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) (ട്രഷറി) | 0 | 1062115 | 1062115 | 1062115 | 0 |
| എൻ.ആർ.ഇ.ജി.എ | 0 | 58244941 | 58244941 | 58244941 | 0 |
| ജലനിധി | 1549 | 44 | 1593 | 0 | 1593 |
| സംയുക്ത പദ്ധതി - ബ്ലോക്ക് | 2120665 | 1835784 | 3956449 | 1835784 | 2120665 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് | 690092 | 469362 | 1159454 | 469362 | 690092 |
| ഗുണഭോക്തൃ വിഹിതം | 109130 | 172325 | 281455 | 250325 | 31130 |
| ഐ.സി.ഡി.എസ് | 412621 | 1696300 | 2108921 | 1380245 | 728676 |
| ലിറ്ററസി സ്കീം | 104060 | 0 | 104060 | 0 | 104060 |
| ശുചിത്വ മിഷൻ | 2587927 | 0 | 2587927 | 53785 | 2534142 |
| കേരളോത്സവം | 30560 | 0 | 30560 | 30000 | 560 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗനോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ | 0 | 612236 | 612236 | 303454 | 308782 |
| ഹെൽത്ത് ഗ്രാന്റ് - കൺവർഷൻ - പി.എച്ച്.സി & സബ്സെന്റർ | 0 | 446279 | 446279 | 364036 | 82243 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 2607414/- (ജനറൽ) ,₹ 688555/- (എസ്.സി.പി.) ₹ 390265/- (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 126778900 | 165 | 52807366 | - | 64 | 72.05 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 42 | 11562995 | 27 | 7104489 | 61.44 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 19 | 7110596 | 14 | 4133773 | 58.14 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 99 | 48646905 | 62 | 15730876 | 32.34 |
| 4 | കൃഷി ഓഫീസർ | 12 | 5366501 | 11 | 2705063 | 50.41 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 39023400 | 21 | 12039980 | 30.85 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5611795 | 6 | 4510288 | 80.37 |
| 7 | വെറ്റനറി സർജ്ജൻ | 4 | 965308 | 3 | 194077 | 20.11 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 675000 | 2 | 675000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 8 | 3795855 | 8 | 2995643 | 78.92 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 4 | 1318000 | 4 | 1272250 | 96.53 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1730000 | 2 | 590000 | 34.10 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 672545 | 4 | 555927 | 82.66 |
| ആകെ | | 229 | 126778900 | 165 | 52807366 | 41.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1577217 | 1577217 | 1577217 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56667724 | 56667724 | 56667724 | 0 |
| ആകെ | 0 | 58244941 | 58244941 | 58244941 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1626 പദ്ധതികളുൾപ്പെടുന്ന 194204763/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 173 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 93344 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 517 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1512000 | 142 |
| വിധവാ പെൻഷൻ | 10807000 | 1102 |
| വാർദ്ധക്യകാല പെൻഷൻ | 14639600 | 1503 |
| വികലാംഗപെൻഷൻ | 4200400 | 398 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 326400 | 37 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2023 തീയതിയിൽ 11.42 A.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 696/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) അഡ്വാൻസ് നൽകുന്ന തുകകൾ ക്രമീകരിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

എന്നാൽ മേൽ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. കൂടാതെ അഡ്വാൻസ് സംബന്ധിച്ച രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ല (വിശദാംശം ഖണ്ഡിക 1-1-12 ൽ)

മെഡിക്കൽ ഓഫീസർ ,ജി.എ.ഡി-മുളിയാറിനു നൽകിയ അഡ്വാൻസിൽ ചെലവഴിച്ചതിനു ശേഷം തിരിച്ചടച്ച തുകയിൽ പലിശ ഇനത്തിലെ തുകകൂടി ഉൾപ്പെട്ടിരിക്കുന്നു. (വിശദാംശം ഖണ്ഡിക 1-1-17 ൽ)

2) മറ്റ് ഡെപ്പോസിറ്റ് (340109901) ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 64078/- രൂപയുടെ വരവിന്റെ വിശദാംശം ലഭ്യമല്ല. ഉറവിടം അറിയാത്ത തുക എന്ന രീതിയിലാണ് ഈ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്. (വിശദാംശം ഖണ്ഡിക 1-1-14 ൽ)

3) വിനോദ നികുതി സമയപരിധിക്കുള്ളിൽ ഒടുക്കുവരുത്തുന്നില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാവേരി സിനിമാസിൽ നിന്നും വിനോദ നികുതി ഈടാക്കിയതിൽ വളരെയധികം കാലതാമസം വരുന്നുണ്ട്. (വിശദാംശം ഖണ്ഡിക 1-13 ൽ)

## 1-10 തുക ബാങ്കിൽ നാളിതുവരേയും വരവ് വന്നിട്ടില്ല

1) 2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37282056638) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000431 | 10-11-2022 | 55 |
| 2 | 1220000432 | 10-11-2022 | 55 |
| 3 | 1220000433 | 10-11-2022 | 50 |
| 4 | 1220000437 | 10-11-2022 | 5 |
| 5 | 1220000438 | 10-11-2022 | 50 |
| 6 | 1220000439 | 10-11-2022 | 50 |
| 7 | 1220000444 | 11-11-2022 | 62 |

| | | | |
|---|---|---|---|
| 8 | 1220000445 | 11-11-2022 | 220 |
| 9 | 1220000446 | 11-11-2022 | 120 |
| 10 | 1220000447 | 11-11-2022 | 5 |
| 11 | 1220000448 | 11-11-2022 | 55 |
| 12 | 1220000449 | 11-11-2022 | 55 |
| 13 | 1220000450 | 11-11-2022 | 5 |
| 14 | 1220000451 | 11-11-2022 | 55 |
| 15 | 1220000452 | 11-11-2022 | 55 |
| 16 | 1220000453 | 11-11-2022 | 55 |
| 17 | 1220000236 | 20-09-2022 | 15 |
| 18 | 1220000237 | 20-09-2022 | 15 |
| 19 | 1220000240 | 22-09-2022 | 62 |
| 20 | 1220000241 | 22-09-2022 | 5 |
| 21 | 1220000242 | 22-09-2022 | 15 |
| 22 | 1220000244 | 23-09-2022 | 21 |
| 23 | 1220000245 | 24-09-2022 | 120 |
| 24 | 1220000246 | 24-09-2022 | 15 |
| 25 | 1220000247 | 24-09-2022 | 15 |
| 26 | 1220000248 | 24-09-2022 | 5 |
| 27 | 1220000256 | 28-09-2022 | 15 |
| 28 | 1220000257 | 29-09-2022 | 10 |
| 29 | 1220000068 | 10-06-2022 | 220 |
| 30 | 1220000069 | 10-06-2022 | 120 |
| 31 | 1220000010 | 18-04-2022 | 120 |
| ആകെ തുക | | | 1725 |

2) സബ്ബ് ട്രഷറി അക്കൗണ്ടിന്റെ (അക്കൗണ്ട് നം 720021400000021 ) മാർച്ച് 2023 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇൻട്രുമെന്റ് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | 11603500007 | 23-09-2016 | 7351985 / 23-09-2016 | 20,000 |
| 2 | 31600196 | 25-10-2016 | 116035/ 07-09-2016 | 1,850 |
| ആകെ തുക | | | | 21850 |

തുക ക്രഡിറ്റ് വരാത്തതിനുള്ള കാരണം ആയതിന്റെ തുടർനടപടി വിവരം എന്നിവ വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/23.09.2023 & 8/23.09.2023 എന്നിവയ്ക്ക് ഐ.കെ.എം ഗേറ്റ് വേയിൽ നിന്നും പഞ്ചായത്തിന്റെ ഇ-പേമെന്റ് അക്കൗണ്ടിലേക്ക് തുകകൾ ലഭ്യമായിട്ടില്ല എന്നും ആയത് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമായിട്ടുള്ളത്. ക്രമ നമ്പർ 2 പ്രകാരമുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ പ്രകാരം ലഭിക്കുവാനുള്ള തുകയായ 23575/- രൂപ (1725 + 21850) ലഭ്യമാക്കി

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ) ഈടാക്കിയിട്ടില്ല.

A) കെ.എസ്.ഇ.ബി, ഇലക്ട്രിക്ക് സെക്ഷൻ , മുള്ളേരിയ

B) പ്രേമ പെട്രോൾ ഏജൻസീസ്, മുള്ളേരിയ

C) അശ്വതി ക്ലീനിക്ക് & ലബോറട്ടറി

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/26.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ആംബുലൻസ് വാടക തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കി

2022-23 സാമ്പത്തിക വർഷം ആംബുലൻസ് വാടക ഇനത്തിൽ ലഭ്യമായ തുകയിൽ ചുവടെ പറയും പ്രകാരമുള്ള തുകയ്ക്ക് രസീത് നൽകിയിട്ടുണ്ടെങ്കിലും തുക നാളിതുവരേയും ഒടുക്കിയിരുന്നില്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | പേര് | തുക |
|---|---|---|---|---|
| 8 | 398 | 5/12/2022 | സതീശൻ, കൊട്ടംകുഴി | 2750/- |

മേൽ തുക നാളിതുവരേയും ഒടുക്കാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/29.09.2023 അനുസരിച്ച് 28/10/2023 ന് രസീത് നമ്പർ 1230102825 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

1-13 വിനോദനികുതി ഈടാക്കുന്നതിലെ അപാകതകൾ

1) തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാവേരി സിനിമാസിൽ നിന്നും വിനോദ നികുതി ഈടാക്കിയതിൽ ചുവടെ പറയും പ്രകാരം കാലതാമസം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | കാലയളവ് | ഒടുക്കിയ തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|
| 1 | 16/03/2022 മുതൽ 31/03/2022 വരെ | 23163/- | 1220102732, 24-09-2022 |
| 2 | 1/06/2022 മുതൽ 30/06/2022 വരെ | 17747/- | 1220102733, 24-09-2022 |
| 3 | 1/07/2022 മുതൽ 31/07/22 വരെ | 18257/- | 1220102734, 24-09-2022 |
| 4 | 1/09/2022 മുതൽ | 17156/- | 1220105369, 07-02-2023 |

| | | | |
|---|---|---|---|
| | 30/09/2022 വരെ | | |
| 5 | 1/10 2022 മുതൽ 31/10/2022 വരെ | 56814/- | 1220105370, 07-02-2023 |
| 6 | 1/11/2022 മുതൽ 30/11/2022 വരെ | 37771/- | 1220105371, 07-02-2023 |
| 7 | 1/12/2022 മുതൽ 31/12/2022 വരെ | 9946/- | 1220105372, 07-02-2023 |
| 8 | 1/01/2023 മുതൽ 31/01/2023 വരെ | 29419/- | 1220107032, 31-03-2023 |
| 9 | 1/02/2023 മുതൽ 28/02/2023 വരെ | 18586/- | 1220107034, 31-03-2023 |
| 10 | 1/08/2022 മുതൽ 31/08/2022 വരെ | 23998/- | 1230102039, 12-09-2023 (2023-24 സാമ്പത്തിക വർഷമാണ് തുക ഒടുക്കിയിരിക്കുന്നത്) |

2) ചുവടെ പറയും പ്രകാരം ഒടുക്കിയ വിനോദ നികുതിയുടെ വിശദാംശം, പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(4/2022, 5/2022 എന്നീ മാസങ്ങളിലെ വിനോദനികുതി ഒടുക്കക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല)

| ക്രനമ്പർ | ഒടുക്കിയ തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|
| 1 | 56,987 | 1220100716, 17-05-2022 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/29.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ക്രമ നമ്പർ 2) പ്രകാരമുള്ള 56,987/- രൂപയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-14 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2022-23 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ഷീനപ്പ റൈ | 111890201226 | 16/11/2022 | 12/22 മുതൽ 6/23 വരെ | 11200 |

| | | | | | |
|---|---|---|---|---|---|
| | (വാർദ്ധക്യകാല പെൻഷൻ) | | | (1600 X 7) | |
| 2 | മണികണ്ഠൻ.ആർ.വി (ഡിസബിലിറ്റി പെൻഷൻ) (ദേലംപാടി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്) | 111890400447 | 21/2/2023 | 3/23 മുതൽ 6/23 വരെ (1600 X 4) | 6400 |
| ആകെ തുക | | | | | 17600 |

മേൽ തുക സംബന്ധിച്ച് ബാങ്കിന് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 5/ 23.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) കാറഡുക്ക കൃഷി ഓഫീസിൽ നിന്നും ഗുണഭോക്താക്കളുടെ മരണ ശേഷവും ചുവടെ പറയും പ്രകാരം തുക വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ഗോപി | 2220357063 | 1/2/2022 | 3/22 – 2/23 ( 1600 X 12 ) | 19200 |
| 2 | സുമതി.യു.കെ | 2220354161 | 28/3/2022 | 4/22 –2/23 ( 1600 X 11 ) | 17600 |
| 3 | ചന്തുനായർ | 2220354197 | 21/5/2022 | 6/22 – 4/23 ( 1600 X 11 ) | 17600 |
| 4 | ശാന്തപ്പ റായ് | 2220252061 | 16/07/2022 | 8/22 (1600 X 1) | 1600 |
| ആകെ തുക | | | | | 56000 |

ക്രമ നമ്പർ 1, 2, 3 എന്നിവയിൽ ഉൾപ്പെട്ടവരുടെ മരണശേഷം 11/2022 വരെ വിതരണം ചെയ്ത തുക സംബന്ധിച്ച് മുൻ വർഷത്തെ (2021-22) റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്.

ക്രമ നമ്പർ 1,2,3 എന്നിവയിൽ ഉൾപ്പെട്ടവരുടെ വിവരം 15/05/2023 ലെ SC3-2616/2023 നമ്പർ കത്ത് പ്രകാരവും ക്രമ നമ്പർ 4 ൽ ഉൾപ്പെട്ട ഗുണഭോക്താവിന്റെ വിവരം 29/09/2023 ലെ SC3-7771/2023 നമ്പർ കത്ത് പ്രകാരവും മുള്ളേരിയ കൃഷിഭവൻ കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി (SC) - പൂർത്തീകരിക്കാത്ത വീടുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന പദ്ധതി (SC) പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. ഭവന നിർമ്മാണം പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ 80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(പ്രൊജക്ട് നമ്പർ-161 Unit Cost-400,000) ഓഡിറ്റ് എൻക്വയറി നം. 24തീയ്യതി 30-09-2023.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബി ആർ നം &തിയ്യതി |
|---|---|---|---|
